# ഏകജാലക പ്രവേശനം 2026

## അപേക്ഷകർ തന്നെ നേരിട്ട് അപേക്ഷിക്കുവാൻ സഹായിക്കുന്ന മാന്വൽ

## ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിന് അപേക്ഷകർ എന്തെല്ലാം ചെയ്യണം

## പൊതു നിർദ്ദേശങ്ങൾ

♦ ഒന്നാം വർഷ ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക അഡ്മിഷൻ വെബ്സൈറ്റായ **https://admission.vhseportal.kerala.gov.in** - ൽ ലഭ്യമായ പ്രോസ്പെക്ടസ്സും അനുബന്ധങ്ങളും വ്യക്തമായി വായിച്ച് മനസ്സിലാക്കേണ്ടതാണ്.

♦ അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. അപേക്ഷകർക്ക് സ്വന്തമായി തന്നെ അപേക്ഷ സമർപ്പിക്കുവാൻ കഴിയും.

♦ **പത്താം തരം പഠന സ്കീം "Others" ആയിട്ടുള്ളവർ തുല്യതാ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത കോപ്പി (File in pdf format and size below 100 KB) അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.**

♦ **വിഭിന്ന ശേഷി വിഭാഗത്തിലെ കുട്ടികൾ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.**

♦ **Dependent of Jawan/Dependent of Jawan killed in Action എന്നീ ബോണസ് പോയിന്റിന് അർഹതയുള്ള വിഷയങ്ങളിൽ അവകാശം ഉന്നയിക്കുന്നവരും NTSE, NMMSSE, USS, LSS വിജയികളായി അവകാശം ഉന്നയിക്കുന്നവരും അനുബന്ധ സർട്ടിഫിക്കറ്റിനെ സംബന്ധിക്കുന്ന വിവരങ്ങൾ (Certificate No, Issuing Authority, Date etc. ) അപേക്ഷയോടൊപ്പംനൽകണം.**

♦ **ഓൺലൈൻ അപേക്ഷ പ്രിൻറൗട്ടും അനുബന്ധരേഖകളും വെരിഫികേഷനായി സ്കൂളുകളിൽ സമർപ്പിക്കേണ്ടതില്ല. എന്നാൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് പ്രവേശന സമയത്ത് അലോട്ട്മെന്റ് ലെറ്ററിനോടൊപ്പം സ്കൂളിൽ ഹാജരാക്കണം.**

♦ സാങ്കേതിക വിദ്യാഭ്യാസവകുപ്പ് നൽകുന്ന റ്റി.എച്ച്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി (വൊക്കേഷണൽ) ബി ഗ്രൂപ്പിൽപ്പെട്ട വിഷയങ്ങൾക്ക് പ്രവേശനത്തിന് അർഹത ഇല്ല.

♦ സി.ബി.എസ്സ്.ഇ സ്കീമിലെ പത്താം തരത്തിൽ *Mathematics-Standard* പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) തലത്തിൽ *Mathematics* ഉൾപ്പെട്ടിട്ടുള്ള വിഷയ കോമ്പിനേഷൻ ഓപ്ഷനായി തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ.

♦ അപേക്ഷാ സമർപ്പണം ആരംഭിക്കുന്നതിനു മുമ്പ് അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾക്കായി അവകാശം ഉന്നയിക്കുന്നുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൈവശം ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിലെ വിവരങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി മുതലായവ) അപേക്ഷാ സമയത്ത് ഉൾപ്പെടുത്തേണ്ടതുണ്ട്.

♦ അപേക്ഷകർക്ക് സ്വന്തമായോ, അല്ലെങ്കിൽ പത്താംതരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവൺമെന്റ് / എയ്ഡഡ് ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി, ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

♦ **അപേക്ഷാർത്ഥി നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ലഭിക്കുന്ന അലോട്ട്മെന്റിൽ പ്രവേശനം നേടുന്നതിനായി രേഖകൾ വെരിഫിക്കേഷനായി സമർപ്പിക്കുമ്പോൾ തെറ്റായ വിവരം നൽകി അലോട്ട് മെന്റിൽ ഇടം നേടിയതാണെന്നു കണ്ടെത്തുകയാണെങ്കിൽ അത്തരം അലോട്ട് മെന്റുകൾ റദ്ദാക്കി പ്രവേശനം നഷ്ടപ്പെടുമെന്നുള്ളതിനാൽ അപേക്ഷയിൽ വിവരങ്ങൾ ശ്രദ്ധയോടും കൃത്യതയോടും കൂടി നൽകേണ്ടതാണ്.**

## അപേക്ഷാ സമർപ്പണ വേളയിൽ ശ്രദ്ധിക്കേണ്ടവ


- **https://admission.vhseportal.kerala.gov.in** ലെ **"Admission Registration"** എന്നതിലൂടെ അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് **Register Now** എന്ന ലിങ്കിലൂടെ കാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാവുന്നതാണ്. ഇത്തരത്തിൽ മൊബൈൽ ഒ.റ്റി.പി യിലൂടെ സുരക്ഷിത പാസ്സ് വേഡ് നൽകി സൃഷ്ടിക്കപ്പെടുന്ന കാൻഡിഡേറ്റ് ലോഗിനിലൂടെ ആയിരിക്കും അപേക്ഷാ സമർപ്പണവും തുടർന്നുള്ള പ്രവേശന പ്രവർത്തനങ്ങളും അപേക്ഷാർത്ഥികൾ നടത്തേണ്ടത്.
- അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷാ നമ്പർ കൃത്യമായി എഴുതി സൂക്ഷിക്കുക.
- കാൻഡിഡേറ്റ് ലോഗിൻ നടത്തുന്നതിനും പ്രവേശന സംബന്ധമായ അറിയിപ്പുകൾ ലഭിക്കുന്നതിനും ഓൺലൈൻ **അപേക്ഷയിൽ വിദ്യാർത്ഥിയുടേയോ രക്ഷാകർത്താവിന്റെയോ മൊബൈൽ നമ്പർ മാത്രം** നൽകുക.
- അലോട്ട്മെന്റുകളും അനുബന്ധ വിവരങ്ങളും അറിയുന്നതിന് അഡ്മിഷൻ വെബ്സൈറ്റ് (https://admission.vhseportal.kerala.gov.in/www.vhscap.kerala.gov.in) നിരന്തരം സന്ദർശിക്കേണ്ടതാണ്.

# ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിലെ വിവിധ ഘട്ടങ്ങൾ

| | | |
|---|---|---|
| **I** ക്യാൻഡിഡേറ്റ് ലോഗിൻ | **II** ഓൺലൈൻ അപേക്ഷാ സമർപ്പണം | **III** ട്രയൽ അലോട്ട്മെന്റ് പരിശോധന |
| **IV** ഓപ്ഷൻ പുനക്രമീകരണം | **V** അലോട്ട്മെന്റ് പരിശോധന | **VI** സ്കൂൾ പ്രവേശനം ഉറപ്പാക്കൽ |

## ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്ന രീതി


1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ വെബ്സൈറ്റ് ആയ https://admission.vhseportal.kerala.gov.in / www.vhscap.kerala.gov.in എന്നതിലൂടെ ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ വെബ് സൈറ്റിൽ പ്രവേശിക്കേണ്ടതാണ്.








ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ




2. ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ വെബ് സൈറ്റിൽ കാണുന്ന Register എന്ന ലിങ്കിലൂടെ രജിസ്ട്രേഷൻ നടത്തണം.


Register ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ഡിക്ലറേഷൻ ടിക്ക് ചെയ്ത് Proceed for Registration ക്ലിക്ക് ചെയ്യുമ്പോൾ രജിസ്ട്രേഷൻ പേജിൽഎത്തിച്ചേരും

3. Candidate രജിസ്ട്രേഷൻ പേജിൽ പേരും മൊബൈൽ നമ്പരും പാസ്സ്‌വേർഡും നൽകി സബ്മിറ്റ് ചെയ്യുമ്പോൾ മൊബൈൽ നമ്പർ വെരിഫൈ ചെയ്യാനുള്ള പേജ് ലഭിക്കും.




**പാസ്സ്‌വേർഡിൽ കുറഞ്ഞത് 8 ക്യാരക്ടർസ് എങ്കിലും ഉണ്ടാവണം. ഇതിൽ ഏറ്റവും കുറഞ്ഞത് ഒരു ക്യാപിറ്റൽ ക്യാരക്ടറും ഒരു സ്മാൾ ക്യാരക്ടറും ഒരു സ്പെഷ്യൽ ക്യാരക്ടറും ഒരു അക്കവും ഉണ്ടായിരിക്കണം.**

4. മൊബൈൽനമ്പറിലേക്ക് ഒ.റ്റി.പി ലഭിക്കുവാൻ Send OTP to Verify ബട്ടൺ ക്ലിക്ക് ചെയ്യുക. നിങ്ങളുടെ മൊബൈൽ ഫോണിൽ ലഭിച്ചിട്ടുള്ള ഒ.റ്റി.പി എന്റർ ചെയ്യുക. ഒ.റ്റി.പി എന്റർ ചെയ്തു കഴിയുമ്പോൾ Registration Successful എന്ന മെസ്സേജ് ലഭിക്കും. ആ പേജിൽ തന്നെയുള്ള Log In ബട്ടൺ ക്ലിക്ക് ചെയ്ത് പുതിയ അപേക്ഷ സമർപ്പിച്ച് തുടങ്ങാവുന്നതാണ്.



**അപേക്ഷയിലെ ഫോൺ നമ്പർ ആയിരിക്കും യൂസർ നെയിം.**

**മുമ്പ് നൽകിയ പാസ്സ്‌വേർഡ് Password ആയും ഉപയോഗിക്കാം.**


5. അപേക്ഷാ സമർപ്പണം 6 ഘട്ടങ്ങളിലായിട്ടാണ് നടക്കുന്നത്.

Step 1. Initial Registration    Step 2. Basic Details    Step 3. Grade Details

Step 4. Options    Step 5. File Upload    Step 6. Preview


**സ്കീം**


- SSLC (2025-2026)
- SSLC (2007-2025)
- THSLC-Tech Edu(New Scheme 2016
- CBSE
- ICSE
- THSLC-IHRD (New Scheme)
- SSLC(IED)
- Other



6. രജിസ്ട്രേഷൻ പേജിൽ പരീക്ഷ പാസ്സായ സ്കീം, ജനന തീയതി, രജിസ്ട്രേഷൻ നമ്പർ, പാസ്സായ വർഷം, മാസം, അപേക്ഷിക്കുന്ന ജില്ല തുടങ്ങിയവ നൽകി സേവ് ചെയ്യുക.

7. ബേസിക് ഡീറ്റെയിൽസ് പേജിൽ, വിദ്യാർത്ഥി പത്താംതരം പഠിച്ച സ്കൂൾ ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂൾ ആണെങ്കിൽ ലിസ്റ്റിൽ നിന്നും പ്രസ്തുത സ്കൂൾ തെരഞ്ഞെടുക്കുക. അല്ലാത്ത പക്ഷം '12345Others' തെരഞ്ഞെടുക്കുക. തുടർന്ന് കുട്ടിയുടെ പേര് രക്ഷകർത്താക്കളുടെ പേര്, ലിംഗം, ആധാർ നമ്പർ എന്നിവ നൽകുക. കാറ്റഗറി, കാസ്റ്റ്, റിലീജിയൻ തുടങ്ങിയവ ലിസ്റ്റിൽ നിന്നും സെലക്ട് ചെയ്യുക. (കാസ്റ്റ്, കാറ്റഗറി (അനുബന്ധം 3) വിശദമായി പരിശോധിച്ച് കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുക. കാറ്റഗറിയിൽ തെറ്റായ വിവരങ്ങൾനൽകി ലഭിക്കുന്ന അഡ്മിഷൻ നിരസിക്കപ്പെടുമെന്നതിനാൽ വളരെയധികം ശ്രദ്ധയോടെ വേണം ഇത് രേഖപ്പെടുത്തുവാൻ, സംശയമുണ്ടെങ്കിൽ സ്കൂൾ സഹായകകേന്ദ്രങ്ങളുടെ സഹായം തേടാവുന്നതാണ്.) വിദ്യാർത്ഥി BPL വിഭാഗത്തിൽപ്പെട്ടതാണോ, EWS വിഭാഗത്തിൽപ്പെട്ടതാണോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുക. കോൺടാക്ട് ഡീറ്റെയിൽസിൽ കുട്ടിയുടെ സ്ഥിരമായും താല്കാലികമായുമുള്ള മേൽവിലാസം രേഖപ്പെടുത്തുക. ഇവ രണ്ടും ഒന്നാണെങ്കിൽ Same as Above ടിക്ക് ചെയ്യുക. ഫിഷർമാൻ വിഭാഗം, OH, Blind, Deaf, IED, ഭാഷാ ന്യൂനപക്ഷം ഇവയിൽ ഏതിലെങ്കിലും വിദ്യാർത്ഥി ഉൾപ്പെട്ടു വരുന്നുണ്ടെങ്കിൽ അവ ടിക്ക് ചെയ്യുക. (ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ IEDC റിസോഴ്സ് അദ്ധ്യാപകരുടേയും മറ്റ് അദ്ധ്യാപകരുടേയും നിർദ്ദേശം തേടി ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിയുടെ അഭിരുചിക്ക് അനുയോജ്യമായ സ്കൂൾ/കോഴ്സ് തെരഞ്ഞെടുത്ത് ഓപ്ഷനായി അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്))






8. സ്കീം 1 (SSLC 2025-26)പ്രകാരമുള്ള അപേക്ഷാർത്ഥിയാണെങ്കിൽ ഗ്രേഡ് വിവരങ്ങൾ കാണിക്കും. ശരിയാണോ എന്ന് മാർക്ക്ലിസ്റ്റ് നോക്കി ഉറപ്പാക്കുക.


മറ്റ് സ്കീമുകളിലെ കുട്ടികൾ അവർക്ക് ഓരോ വിഷയങ്ങൾക്കും ലഭിച്ച മാർക്ക് ക്രമമായി നൽകുക.

മാർക്ക് എൻട്രി പൂർത്തിയായിക്കഴിഞ്ഞാൽ സേവ് ബട്ടൺ ക്ലിക്ക് ചെയ്യുക.




**ഗ്രേഡ് പോയിന്റ് എൻട്രി പൂർത്തിയാക്കി കഴിഞ്ഞാൽ ഓപ്ഷൻ നൽകേണ്ട സ്ക്രീൻ ദൃശ്യമാകും.**


9. ഓപ്ഷനുകൾ എൻട്രി നടത്തുവാനായി Institution സെലക്ട് ചെയ്യുക. അപ്പോൾ Course ൽ അവിടെ ലഭ്യമായ കോഴ്സുകൾ ദൃശ്യമാവും. അവിടെ നിന്നും ആവശ്യമായ കോഴ്സ് സെലക്ട് ചെയ്യുക. കൂടുതൽ ഓപ്ഷനുകൾ ചേർക്കണമെങ്കിൽ Add ബട്ടൺ ഉപയോഗിക്കാം. മുഴുവൻ ഓപ്ഷനുകളും ചേർത്തുകഴിഞ്ഞാൽ save ചെയ്യാം.




10. തുടർന്ന് ഫയൽ അപ്‌ലോഡ് ടാബിൽ കായിക മേളകൾ, കലാമേളകൾ, പ്രവർത്തിപരിചയമേളകൾ തുടങ്ങിയവയിൽ ലഭിച്ച സ്ഥാനങ്ങൾ രേഖപ്പെടുത്തുക. ഇവ ടൈ ബ്രേക്ക് ആയി മാത്രമേ പരിഗണിക്കൂ.


**വിഭിന്ന ശേഷി വിഭാഗത്തിലെ കുട്ടികൾ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.**

Dependent of Jawan/Dependent of Jawan killed in Action എന്നീ ബോണസ് പോയിന്റിന് അർഹതയുള്ള വിഷയങ്ങളിൽ അവകാശം ഉന്നയിക്കുന്നവരും NTSE, NMMSSE, USS, LSS വിജയികളായി അവകാശം ഉന്നയിക്കുന്നവരും അനുബന്ധ സർട്ടിഫിക്കറ്റിനെ സംബന്ധിക്കുന്ന വിവരങ്ങൾ (Certificate No, Issuing Authority, Date etc.) അപേക്ഷയോടൊപ്പംനൽകണം. **ഇവർ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതില്ല.**




11. തുടർന്ന് അപേക്ഷയുടെ പ്രിവ്യു കാണുവാനായി Step 6 Preview എന്ന ടാബിന്റെ മുകളിലായി ക്ലിക്ക് ചെയ്യുക. അപ്പോൾ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അവിടെ ദൃശ്യമാവും.






12. പ്രിവ്യു ൽ കാണുന്ന വിവരങ്ങൾ അടിസ്ഥാന രേഖകളുമായി ഒത്തു നോക്കി ശരിയാണെന്ന് ഉറപ്പ് വരുത്തണം. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ Edit ബട്ടൺ ഉപയോഗിക്കാം.

അപേക്ഷ പൂർണ്ണമായി കഴിഞ്ഞാൽ ഡിക്ലറേഷൻ ടിക്ക് ചെയ്ത് Final Submit ബട്ടൺ ഉപയോഗിച്ച് അപേക്ഷയുടെ സബ്മിഷൻ നടത്താം.

**അപ്പോൾ ലഭിക്കുന്ന pdf രൂപത്തിലുള്ള അപേക്ഷ പ്രിന്റെടുത്ത് അഡ്മിഷൻ സമയത്തേക്കായി സൂക്ഷിച്ച് വെയ്ക്കണം.**

ക്യാൻഡിഡേറ്റ് ലോഗിൻ വഴി അപേക്ഷാർത്ഥികൾക്ക് തന്നെ ട്രയൽ അലോട്ട്മെന്റ് കഴിഞ്ഞ് അപേക്ഷയിൽ ഓപ്ഷനുകൾ ഉൾപ്പടെ പുനഃക്രമീകരിക്കുവാൻ അവസരം ഉണ്ടാകും.

## പ്രവേശന സമയത്ത് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച് അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. യോഗ്യതാ സർട്ടിഫിക്കറ്റ്, വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, ബോണസ് പോയിന്റ്, ടൈബ്രേക്ക് എന്നിവ അവകാശപ്പെട്ടിട്ടുള്ളവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കണം.

2.

പ്രായപരിധി ഇളവ് വേണ്ടുന്നവർ പ്രോസ്പെക്ടസിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള ഉത്തരവുകളുടെ അസ്സൽ ഹാജരാക്കണം. (അപേക്ഷകർക്ക് 2026 ജൂൺ മാസം ഒന്നിന് 15 വയസ് പൂർത്തിയായിരിക്കണം. എന്നാൽ 20 വയസ് കവിയാൻ പാടില്ല)

കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയില്ല.

മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും 6 മാസം വരെ ഇളവ് അനുവദിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരമുണ്ട്. അത്തരം വിഭാഗക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

കേരളത്തിലെ പൊതുപരീക്ഷ ബോർഡിൽ നിന്നും എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ 6 മാസം വരെ ഇളവ് അനുവദിക്കാൻ ഹയർസെക്കണ്ടറി (വൊക്കേഷണൽ) റീജിയണൽ അസ്സിസ്റ്റന്റ് ഡയറക്ടർക്ക് അധികാരമുണ്ട്. അത്തരം വിഭാഗക്കാർ ഹയർസെക്കണ്ടറി (വൊക്കേഷണൽ) റീജിയണൽ അസ്സിസ്റ്റന്റ് ഡയറക്ടർ നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

മേൽപറഞ്ഞപ്രകാരമല്ലാത്ത ഇളവുകൾ അനുവദിക്കാനുള്ള അധികാരം പൊതു വിദ്യാഭ്യാസ സെക്രട്ടറിക്കാണ്. അത്തരം വിഭാഗക്കാർ പൊതുവിദ്യാഭ്യാസ സെക്രട്ടറി നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

3. വിഭിന്നശേഷി വിഭാഗത്തിൽ പ്രവേശനം ലഭിക്കേണ്ട വിദ്യാർഥികൾ 40% ൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

4. സാമുദായിക സംവരണം പരിശോധിക്കുന്നതിന് എസ്.എസ്.എൽ.സി ബുക്കിലെ സമുദായ വിവരം മതിയാകും. എന്നാൽ എസ്.എസ്.എൽ.സി ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

SC/ST/OEC വിദ്യാർത്ഥികൾ റവന്യൂ അധികൃതർ നൽകിയ വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കണം.

5. തമിഴ്/കന്നഡ ഭാഷാന്യൂനപക്ഷമാണെങ്കിൽ ആ വിവരം യോഗ്യത സർട്ടിഫിക്കറ്റിൽ/എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മാതൃഭാഷയുടെ (ഒന്നാം ഭാഷ) കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അല്ലാത്ത പക്ഷം രജിസ്റ്റർ ചെയ്ത തദ്ദേശ ഭാഷാ ന്യൂനപക്ഷ സംഘടനയുടെ സെക്രട്ടറി/ചെയർമാൻ പ്രസ്തുത സംഘടനയുടെ അംഗത്വ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ലെറ്റർഹെഡിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

6. താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും താലൂക്കിന്റെയും പേരിൽ ബോണസ് പോയിന്റുകൾ ലഭിക്കുന്നവർ എസ്.എസ്.എൽ.സി ബുക്കിൽ ആ വിവരങ്ങളുണ്ടെങ്കിൽ മറ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല. അല്ലാത്ത പക്ഷം റേഷൻ കാർഡോ നേറ്റിവിറ്റി സർട്ടിഫിക്കറ്റോ ഹാജരാക്കണം.

7. എൻ.സി.സി യ്ക്ക് 75% ഹാജരുണ്ടെന്ന എൻ.സി.സി ഡയറക്ടറേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാണ്. രാജ്യപുരസ്കാർ ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രം സ്കൗട്ട് & ഗൈഡ്സ് വിഭാഗത്തിൽ ബോണസ് പോയിന്റിന് അർഹതയുണ്ടാകും.

8. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിലെ സർവീസിലുള്ള ജവാന്റെ ആശ്രിതൻ എന്നുള്ളതിന് പ്രസ്തുത ജവാന്റെ സർവീസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ച എക്സ് സർവീസ് ജവാന്റെ ആശ്രിതൻ എന്നുള്ളതിന് സൈനിക വെൽഫയർ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.

9. ടൈ ബ്രേക്കിന് പോയിന്റ് നൽകുന്ന ഇനങ്ങളിൽ NTSE,MMSSE,USS,LSS ഒഴികെയുള്ളവ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് പങ്കെടുത്തവയായിരിക്കണം. NTSE ക്ക് പോയിന്റ് ലഭിക്കാൻ എട്ടാം ക്ലാസിൽ അല്ലെങ്കിൽ പത്താം ക്ലാസിൽ പഠിച്ചിരുന്ന സമയത്ത് SCERT യോ NCERT യോ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

10. എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിസിനും കോ കരിക്കുലർ ആക്ടിവിറ്റീസിനും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

11. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായുള്ള (EWS) 10% സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ വില്ലേജ് ആഫീസറിൽ നിന്നും Income & Assets Certificate ലഭിക്കുന്നവരായിരിക്കണം. EWS റിസർവേഷന് ആവശ്യമുള്ള Annexure 1 മാതൃകയിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ Annexure 2 മാതൃകയിലുള്ള Income & Assets Certificate ഹാജരാക്കണം.

12. പ്രത്യേക പരിഗണനക്കായി ഉൾപ്പെടുത്തുന്ന എല്ലാ വിവരങ്ങൾക്കും വേണ്ടുന്ന സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റ് നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടുള്ളതായിരിക്കണം.

**ഓരോ വിദ്യാർത്ഥിയുടെയും (WGPA) കണക്കാക്കിയാണ് പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. അത് കണക്കാക്കുന്ന വിധം ചുവടെ ചേർക്കുന്നു.**

♦ ആദ്യം യോഗ്യതാ പരീക്ഷയിൽ ഓരോ വിഷയത്തിനും അപേക്ഷകന് ലഭിച്ച ഗ്രേഡുകൾ സൂചന പ്രകാരം ഗ്രേഡ് പോയിന്റ് നൽകുന്നു.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| ഗ്രേഡ് പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

♦ വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള ഗ്രേഡ് പോയിന്റുകളുടെ തുകയായ TGP (Total Grade Point) കണക്കാക്കുന്നു.(ഉദാ.പത്ത് വിഷയങ്ങൾക്കും A+ ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥിയുടെ TGP 90 ആയിരിക്കും.)

♦ തെരഞ്ഞെടുക്കുന്ന വിഷയകോമ്പിനേഷനുമായി ബന്ധമുള്ള എസ്.എസ്.എൽ.സി പേപ്പറുകൾക്ക് വെയിറ്റേജ് ലഭിക്കുന്നു. ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകൾ പ്രത്യേകം കൂട്ടുന്നു.ഇതാണ് GSW(Total Grade Value of Subjects for which Weightage is Given - വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിന്റ്).

♦ ബോണസ് പോയിന്റുകൾ (BP) (അർഹതയുണ്ടെങ്കിൽ മാത്രം) കണക്കാക്കുന്നു. കുറയ്ക്കേണ്ട മൈനസ് പോയിന്റുകൾ (MP) ഉണ്ടെങ്കിൽ അതും കണ്ടെത്തുന്നു.

ഇനി സൂത്രവാക്യമുപയോഗിച്ച് WGPA കണ്ടെത്തുന്നു.

$$WGPA = \frac{TGP + GSW}{TS+TSW} + \frac{BP-MP}{10}$$

WGPA: Weighted Grade Point Average

TGP: Total Grade Point

GSW: Total Grade vale of subjects for which Weightage is given

BP: Bonus Point

MP: Minus Point

TS: Total Number of Subjects

TSW: Total number of Subjects for which Weightage is given

**WGPA കണക്കാക്കുന്നതിനുള്ള മാതൃക ചുവടെ ചേർക്കുന്നു.**

♦ വിദ്യാർത്ഥിക്ക് ലഭിച്ച ഗ്രേഡുകൾ

| Sub | Mal I | Mal II | Eng | Hindi | Phy | Che | Bio | SS | Maths | IT |
|---|---|---|---|---|---|---|---|---|---|---|
| Grade | A | A | A | A+ | A+ | A | B+ | A+ | A+ | A |
| Grade Point | 8 | 8 | 8 | 9 | 9 | 8 | 7 | 9 | 9 | 8 |

♦ വിദ്യാർത്ഥിയുടെ സ്കീം 1. എസ്.എസ്.എൽ.സി യ്ക്ക് പഠിച്ച സ്കൂളിൽ തന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഉൾപ്പെട്ട് വരുന്ന എൻ.എസ്.ക്യൂ.എഫ് കോഴ്സ്.

♦ അതിനാൽ TGP= 83, GSW= 24, BP= 2, MP=0, TS= 10, TSW=3

$$WGPA = \frac{83+24}{10+3} + \frac{5-0}{10} = 8.7307692$$

**WGPA തുല്യമായാൽ**

ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിന്റ് ലഭിച്ചാൽ താഴെ പറയുന്ന മുൻഗണന പ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്

1. WGPA സൂത്രവാക്യത്തിൽ ആദ്യഭാഗം കൂടുതൽ ഉള്ളത് റാങ്കിൽ മുന്നിൽ ഉൾപ്പെടുത്തുന്നതാണ്.
2. വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന TGP
3. ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ്പോയിന്റ്
4. ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ്പോയിന്റ്
5. തുല്യത വരുന്ന കോംബിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന
6. അപേക്ഷകന്റെ പ്രാദേശിക പശ്ചാത്തലം (അതേ സ്കൂൾ, അതേ ഗ്രാമപഞ്ചായത്ത്, ഗവ./എയ്ഡഡ് ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്ത്, അതേ താലൂക്ക്, അതേ ജില്ല, എന്നിങ്ങനെയായിരിക്കും മുൻഗണനാക്രമം)

ഇനിയും തുല്യനിലയിൽ തുടർന്നാൽ N.T.S.E, NMMSSE, USS, LSS, കലാകായിക മത്സരങ്ങൾ, സംസ്ഥാനതല പ്രവൃത്തിപരിചയമേള എന്നിവയിലെ മികവ് പട്ടികയിൽ സൂചിപ്പിക്കുന്ന മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതാണ്. ഇവയിൽ N.T.S.E, NMMSSE, USS, LSS ഒഴികെ മറ്റിനങ്ങൾക്ക് 10-ാം ക്ലാസിൽ പഠിക്കുമ്പോൾ പങ്കെടുത്തിട്ടുള്ള ഇനങ്ങളിലെ മികവ് മാത്രമാണ് പരിഗണിക്കുക.

(വിശദ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് പരിശോധിക്കുക.)

## വിവിധ സ്കീമുകളുടെ ഗ്രേഡ് വിവരങ്ങൾ നൽകാനുള്ള സ്ക്രീനുകൾ

### സ്കീം 1 (SSLC 2025-26)

**Grade Details**

**Application Number :-** 990415
**Scheme Studied :-** 1 - SSLC (2019-2020)
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | A+ |
| 2 | First Language- II | A+ |
| 6 | English | B+ |
| 7 | Hindi | B |
| 10 | Social Science | A |
| 11 | Physics | B |
| 12 | Chemistry | B+ |
| 13 | Biology | B+ |
| 18 | Mathematics | C |
| 19 | Information Technology | A |

Submit Reset

സ്കീം 1 പ്രകാരമുള്ള അപേക്ഷാർത്ഥിയാണെങ്കിൽ ഗ്രേഡ് വിവരങ്ങൾ കാണിക്കും. ശരിയാണോ എന്ന് മാർക്ക്‌ലിസ്റ്റ് നോക്കി ഉറപ്പാക്കുക

### സ്കീം 4 (CBSE)

**Update Grade Entry**

**Application Number** :– 168636
**Scheme Studied** :– 6 – CBSE
**SSLC Register Number** :– 100001

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 33 | 100 | | |
| 7 | Second Language | 33 | 100 | | |
| 18 | Mathematics Select | 33 | 100 | | |
| 43 | Science and Technology | 33 | 100 | | |
| 10 | Social Science | 33 | 100 | | |

Save Reset

1. സി.ബി.എസ്.ഇ 2020 മുതൽ രണ്ട് തരം മാത്സ് പരീക്ഷ നടത്തുന്നുണ്ട് (ബേസിക് മാത്സ്/സ്റ്റാൻഡേർഡ് മാത്സ്) ഇതിൽ സ്റ്റാൻഡേർഡ് മാത്സ് പരീക്ഷ പാസ്സായവർക്ക് മാത്രമേ പ്ലസ് വൺ പ്രവേശനത്തിന് മാത്സ് വിഷയ മുൾപ്പെട്ട സയൻസ് കോമ്പിനേഷൻ തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ. (സി.ബി.എസ്.ഇ. യുടെ 10.01.2019 ലെ സർക്കുലർ നമ്പർ Acad 3/2019 സി.ബി.എസ്സ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് Mathematics Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർസെക്കന്ററി തലത്തിൽ Mathematics ഉൾപ്പെട്ടിട്ടുള്ള വിഷയ കോമ്പിനേഷൻ ഓപ്ഷനായി തെരഞ്ഞെടുക്കു വാൻ സാധിക്കുകയുള്ളൂ).

### സ്കീം 3 (THSLC-Tech Edu 2016 Onwars)

**Grade Entry**

**Application Number** :– 111427
**Scheme Studied** :– 16 – THSLC–Tech.Edu(New Scheme 2016 Onwards)
**SSLC Register Number** :– 123

Candidate details saved successfully!

| Paper Code | Paper Name | Grade |
|---|---|---|
| 42 | Malayalam | A+ |
| 6 | English | A |
| 10 | Social Science | B+ |
| 11 | Physics | C+ |
| 12 | Chemistry | A |
| 18 | Mathematics | B+ |
| 52 | General Engineering II | A |
| 53 | Engineering Drawing III | B+ |
| 34 | Trade Theory | B+ |
| 33 | Workshop Practice | A |
| 19 | Information Technology | B |

Submit Reset

സ്കീം 3 പ്രകാരമുള്ളഅപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.
സാങ്കേതിക വിദ്യാഭ്യാസവകുപ്പ് നൽകുന്ന റ്റി.എച്ച്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി (വൊക്കേഷണൽ) ബി ഗ്രൂപ്പിൽപ്പെട്ട വിഷയങ്ങൾക്ക് പ്രവേശനത്തിന് അർഹത ഇല്ല.

### സ്കീം 6 (IHRD New Scheme)

**Grade Details**

**Application Number :-** 99041586
**Scheme Studied :-** 4 - THSLC-IHRD (New Scheme)
**Qualifying Exam Register Number / Roll No :-** 1234567


| Paper Code | Paper Name | Grade |
|---|---|---|
| 42 | Malayalam | SELECT |
| 6 | English | SELECT |
| 24 | Humanities | SELECT |
| 18 | Mathematics | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 38 | Computer and IT | SELECT |
| 39 | Computer and IT Lab | SELECT |
| 31 | Electrical Engineering | SELECT |
| 40 | Electronics Trade(Theory) | SELECT |
| 27 | Eleictronics Production Technology (Practical) | SELECT |

Submit Reset

സ്കീം 6 പ്രകാരമുള്ളഅപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.

2. അത് കൊണ്ട് സി.ബി.എസ്.ഇ. പാസ്സായ വിദ്യാർത്ഥികൾ ഗ്രേഡ് വിവരങ്ങൾ കൊടുക്കുമ്പോൾ ഏത് മാത്സ് ആണ് പഠിച്ചതെന്നത് (ബേസിക് മാത്സ്/ സ്റ്റാൻഡേർഡ് മാത്സ്) ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കണം. തെരഞ്ഞെടുക്കുമ്പോൾ നിങ്ങൾ തെരഞ്ഞെടുത്ത മാത്സ് ഓപ്ഷൻ ശരിയാണന്ന് ഉറപ്പുണ്ടോ എന്ന് ചോദിക്കും. അത് ശരി കൊടുത്താൽ മാത്രമേ മാത്സിന്റെ മാർക്ക് നൽകാൻ കഴിയുകയുള്ളൂ.

## സ്കീം 5 (ICSE)



**Grade Details**

**Application Number :-** 99041586
**Scheme Studied :-** 6 - ICSE
**Qualifying Exam Register Number / Roll No :-** 1234567

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 33 | 100 | | |
| 42 | Language | 0 | 100 | | |
| 23 | History Civics & Geography | 0 | 100 | | |
| 18 | Mathematics | 0 | 100 | | |
| 14 | Science | 0 | 100 | | |
| 36 | Computer Applications | 0 | 100 | | |

Submit Reset

സ്കീം 5 ഐ.സി.എസ്.ഇ പഠിച്ച അപേക്ഷാർത്ഥിയുടെ ഗ്രേഡ് വിവിരങ്ങൾ മാർക്ക് ലിസ്റ്റ് നോക്കി കൃത്യതയോടെ നൽകുക. ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം താഴെ സൂചിപ്പിക്കുന്നു.


1. വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം മാത്തമാറ്റിക്സ് ആണെങ്കിൽ ഇക്കണോമിക്സ്, കമ്പ്യൂട്ടർ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ട് വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് മാത്തമാറ്റിക്സിന്റെ മാർക്കായി പരിഗണിക്കാം.

2. വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം സയൻസ് ആണെങ്കിൽ എൺവിറോൺമെന്റ് സയൻസ്, അഗ്രികൾച്ചറൽ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ട് വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് സയൻസിന്റെ മാർക്കായി പരിഗണിക്കാം. ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ 0 മാർക്ക് നൽകണം.

3. ഒരു വിദ്യാർത്ഥി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പഠിച്ചിട്ടില്ലെങ്കിൽ (Economics Applications, Commericial apploications, Home Sccience, Fashion Designing, Technical Drawing Applications, Environmental Applications) എന്നിവയിലൊന്നിന്റെ മാർക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ മാർക്കായി പരിഗണിക്കാം. (പ്രകരമുള്ള വിഷയങ്ങളിൽ ഒന്നിലധികം പഠിച്ചിട്ടുണ്ടെങ്കിൽ ആവറേജ് പരിഗണിക്കാം)

4. ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ 0 മാർക്ക് നൽകണം.

## സ്കീം 8 (Others)



**Mark Details - ( Other - 2024)** Instructions

Select Name Of The Board: Others
Enter The Board Name: NIOS

| Paper Name | Subject Studied | Grade |
|---|---|---|
| First language | | 8 |
| English | | 7 |
| Social Science | | 8 |
| Physics | | 6 |
| Chemistry | | 8 |
| Biology | | 7 |
| Mathematics | | 7 |
| Total Papers in the Qualifying Exam | | 7 |
| Total Grade Points Secured | | 51 |

Save Reset

സ്കീം 8 ൽ ഉൾപ്പെട്ടുവരുന്ന വിദ്യാർത്ഥികൾ അവർക്ക് പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്ന തുല്യതാ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

മുകളിലെ സ്കീമുകളിൽ ഉൾപ്പെടാത്ത സ്കീമുകൾ എല്ലാം (Other States, Other Countries and Any Other scheme not included in scheme list) ഇവയിൽ ഉൾപ്പെട്ട അപേക്ഷാർത്ഥികളുടെ ഗ്രേഡ് വിവരങ്ങൾ സ്കീം 8 (Others) ൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്. ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം താഴെ സൂചിപ്പിക്കുന്നു.

### Grade Points for First Language

1. Malayalam, Hindi, Bengali, Marathi, Telugu, Urdu, Gujarati, Kannada, Sanskrit, Punjabi, Assamese, Nepali, Oriya, Arabic, Persian, Tamil എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിന്റ് നൽകണം. ഇവയിൽ ഒന്നിൽ കൂടുതൽ വിഷയം പഠിച്ചിട്ടുണ്ടെങ്കിൽ ഉയർന്ന ഗ്രേഡ് പോയിന്റ് രേഖപ്പെടുത്തണം.

### Grade Points for Science

2. Science, Home Science എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിന്റ് നൽകണം. സയൻസ് വിഷയത്തിന്റെ മാർക്ക് തന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് നൽകുക.

### Grade Points for Social Science

3. Social Science, Economics, Business Studies, Pschycology, Indian Culture & Heritage എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിന്റ് നൽകണം.

ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ/അല്ലെങ്കിൽ വിഷയങ്ങളുമായി കൂടുതൽ ബന്ധമുള്ളവ പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് പൂജ്യം (0) മാർക്ക് നൽകണം.

ഇപ്രകാരം നൽകി "Total Papers in the Qualifying Exam" ന്റെ എണ്ണം കണക്കാക്കുമ്പോൾ സയൻസ് 3 വിഷയമായി കണക്കിലെടുക്കണം.

മാർക്ക് ലിസ്ററിലെ എല്ലാ പേപ്പറിന്റേയും എണ്ണമാണ് "Total Papers in the Qualifying Exam" ബോക്സിൽ എന്റർ ചെയ്യേണ്ടത്. എന്നാൽ പഠിക്കാത്ത വിഷയത്തിന് ഗ്രേഡ് പൂജ്യമായി (0) നൽകിയാൽ "Total Papers in the Qualifying Exam" ന്റെ എണ്ണത്തിൽ അത് ഉൾപ്പെടുത്തരുത്.

മാർക്ക് ലിസ്ററിലെ എല്ലാ പേപ്പറിന്റേയും ഗ്രേഡ് പോയിന്റുകൾ എല്ലാം കൂടി കിട്ടുന്നതാണ് "Total Grade Points Secured" എന്ന ബോക്സിൽ എന്റർ ചെയ്യേണ്ടത്.